(സി) 110 അപേക്ഷകളിന്മേൽ പുതുതായി വന്ന കമ്മിറ്റി തീരുമാനമെടുത്തു. വിവരം ചുവടെ ചേർക്കുന്നു :

അനുമതി നൽകിയത്	-	110
അനുമതി നിഷേധിച്ചത്	-	20
അതോറിറ്റിയുടെ പരിഗണനയിൽ	-	3
സംസ്ഥാനതല വിദഗ്ദ്ധ അവലോകന സമിതിയ്ക്ക് തിരിച്ചയച്ചത്	-	24
പിൻവലിക്കാൻ അനുവദിച്ചത്	-	3

വിദ്യാർത്ഥികൾക്കുള്ള പരിസ്ഥിതി അവാർഡ്

248 (1953) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം പ്രോൽസാഹിപ്പിക്കുന്നതിന് അവാർഡ് നൽകാറുണ്ടോ ; എങ്കിൽ മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(സി) എല്ലാ വിദ്യാലയങ്ങളിലും ശുദ്ധജലം, ടോയ്ലറ്റ് സൗകര്യം, കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജനം എന്നിവ പരിസ്ഥിതി അവാർഡ് നിർണ്ണയത്തിൽ നിഷ്കർഷിക്കാൻ വ്യവസ്ഥ ഉണ്ടാക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. കുട്ടികളിൽ പരിസ്ഥിതി അവബോധം പ്രോത്സാഹിപ്പിക്കുന്നതിനായി വർഷംതോറും സംഘടിപ്പിക്കുന്ന കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ ഭാഗമായി ചിത്രരചന, ഉപന്യാസ രചന, പ്രോജക്ട് അവതരണം എന്നിവയിൽ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിൽ വിജയികളാകുന്നവർക്ക് സർട്ടിഫിക്കറ്റുകളും പുസ്തകങ്ങളും ട്രോഫികളും സമ്മാനമായി നൽകുന്നു. കൂടാതെ പരിസ്ഥിതി സംരക്ഷണത്തിലും ജൈവവൈവിധ്യ പോഷണത്തിലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മികച്ചു നിൽക്കുന്ന സ്കൂളുകൾക്ക് എല്ലാ വർഷവും സംസ്ഥാന ജൈവ വൈവിധ്യ അവാർഡ് നൽകിവരുന്നു. പരിസ്ഥിതി പ്രവർത്തനങ്ങളിലെ സജീവ പങ്കാളിത്തം, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ക്യാമ്പസിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയാണ് ഇതിനുള്ള മാനദണ്ഡം. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് മുഖേന കോളേജുകളിൽ പരിസ്ഥിതി ക്ലബ്ബുകൾ സ്ഥാപിച്ച് പാരിസ്ഥിതിക അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ഭൂമിത്രസേന എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത ക്ലബ്ബുകളിൽ മികച്ച പ്രവർത്തനം നടത്തുന്നവയ്ക്ക് സംസ്ഥാന തലത്തിൽ അവാർഡും നൽകുന്നു.

(ബി) ഉണ്ട്. ബഡ്ജറ്റ് വിഹിതം ഈ പദ്ധതിക്കായി വിനിയോഗിക്കുന്നുണ്ട്. കേന്ദ്ര സഹായം ലഭിക്കുന്നില്ല.

(സി) വ്യവസ്ഥകൾ സംബന്ധിച്ച കാര്യങ്ങൾ ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിച്ച് മാത്രമേ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

ഉഷ്ണക്കാറ്റിനെക്കുറിച്ചുള്ള പഠനം

249 (1954) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആന്ധ്ര, തെലുങ്കാന സംസ്ഥാനങ്ങളിൽ രണ്ടായിരത്തോളം പേരുടെ മരണത്തിനിടയാക്കിയ ഉഷ്ണക്കാറ്റ് ഇന്ത്യ മുഴുവൻ വ്യാപിക്കാനിടയുണ്ട് എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രതിഭാസത്തെ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന് തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉഷ്ണക്കാറ്റ് സംബന്ധിച്ച നിരവധി പഠനങ്ങൾ രാജ്യത്ത് നടത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഡക്കാൻ പ്രദേശങ്ങളിൽ വീശിയടിച്ച ഉഷ്ണക്കാറ്റ് സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. സഹ്യപർവ്വതത്തിന്റെ കിടപ്പ് കേരളത്തെ ഡക്കാൺ പ്രദേശത്തു നിന്നുള്ള ഉഷ്ണക്കാറ്റിൽ നിന്ന് സംരക്ഷിക്കാൻ പര്യാപ്തമായ രീതിയിലാണ്.